ഉത്തരം

(എ) ടെക്നോപാർക്ക് വികസിപ്പിക്കുന്നതിനും ഇൻഫർമേഷൻ ടെക്നോളജിക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും വേണ്ട എല്ലാ നടപടികളും ടെക്നോപാർക്കിൽ ശരിയാക്കുന്നുണ്ട്. ടെക്നോപാർക്കിന്റെ ദൈനംദിന പുരോഗതി വ്യവസായ സെക്രട്ടറി ചെയർമാനായുള്ള പ്രോജക്ട് ഇംപ്ലിമെന്റേഷൻ ബോർഡും വ്യവസായമന്ത്രി ചെയർപേഴ്സണായുള്ള ഗവേണിംഗ് കൗൺസിലും വിലയിരുത്തുന്നുണ്ട്.

(ബി) ടെക്നോപാർക്കിന്റെ പുരോഗതി മേൽപ്പറഞ്ഞ തരത്തിൽ സർക്കാർ നിരന്തരം വിലയിരുത്തുന്നുണ്ട്. ടെക്നോപാർക്ക് എന്നറിയപ്പെടുന്ന 'ഇലക്ട്രോണിക്സ് ടെക്നോളജി പാർക്സ്- കേരളം' തിരുവനന്തപുരത്തുമാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

(സി) ടെക്നോപാർക്കിൽ നാളിതുവരെ 42 കമ്പനികൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഇതല്ലാതെ മറ്റു രജിസ്ട്രേഷൻ സമ്പ്രദായങ്ങളൊന്നും ടെക്നോപാർക്കിൽ നിലവിലില്ല.

(ഡി) ടെക്നോപാർക്കിൽ മേൽപ്പറഞ്ഞ പ്രകാരം മുതൽമുടക്കിനു തയ്യാറായി മുന്നോട്ട് വന്നിട്ടുള്ള എല്ലാ കമ്പനികളും പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

(ഇ) ടെക്നോപാർക്ക് സ്ഥാപിക്കുന്നതിന് നാളിതുവരെ സംസ്ഥാന സർക്കാർ 7505 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ടെക്നോപാർക്കിന്റെ പ്രോജക്ട് റിപ്പോർട്ട് 1992-ൽ സമർപ്പിക്കുമ്പോൾ ഒന്നാം ഘട്ടത്തിന് 42 കോടി രൂപയാണ് ചെലവ് പ്രതീക്ഷിച്ചിരുന്നത്. 1995 ഓടുകൂടി ഒന്നാം ഘട്ടം മേൽപ്പറഞ്ഞ ബഡ്ജറ്റിനുള്ളിൽതന്നെ പൂർത്തിയാവുകയും അടുത്ത ഘട്ടമായി 'നിള' എന്ന ബൃഹത്തായ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കുകയും ചെയ്തു. അടുത്ത മൂന്നുവർഷങ്ങൾകൊണ്ട് നിർമ്മാണപ്രവർത്തനങ്ങൾക്ക് 20 കോടി രൂപകൂടി വേണ്ടിവരുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

(എഫ്) ടെക്നോപാർക്ക് തിരുവനന്തപുരത്ത് മാത്രമെ പ്രവർത്തിക്കുന്നുള്ളൂ. മറ്റു പ്രധാന ജില്ലാ ആസ്ഥാനങ്ങളിൽ സോഫ്റ്റ്വെയർ ടെക്നോളജി പാർക്കുകൾ സ്ഥാപിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കേന്ദ്രസർക്കാരിന്റെ എസ്.ടി.പി.യുടേയും സംയുക്താഭിമുഖ്യത്തിലാണ് ഈ സോഫ്റ്റ്വെയർ ടെക്നോളജി പാർക്കുകൾ കൊച്ചി, തൃശ്ശൂർ, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നത്. എറണാകുളത്ത് ജോയിന്റ് സെക്ടറിൽ ഒരു ഹൈടെക് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

സാങ്കേതിക ബിരുദം നേടിയിട്ടുള്ള തൊഴിൽ രഹിതരുടെ സഹകരണ സംഘങ്ങൾ

7 (3077) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന്റെ വ്യാവസായിക വികസനാവശ്യകത കണക്കിലെടുത്ത് ഇലട്രോണിക്സ്, കമ്പ്യൂട്ടർ തുടങ്ങിയ ശാഖകളിൽ സാങ്കേതിക ബിരുദം നേടിയിട്ടുള്ള തൊഴിൽ രഹിതരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുവാനും സർക്കാർ ജാമ്യത്തിൽ ബാങ്കുകളിൽ നിന്നും സോഫ്റ്റ് വെയർ,

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രോണിക്സ് തുടങ്ങിയ വ്യാവസായിക സംരംഭങ്ങളാരംഭിക്കുവാനും സഹായിക്കുന്ന തരത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പരിശോധിക്കുന്നതാണ്.

ഏറ്റവുമധികം ടേൺ ഓവർ ഉള്ള പൊതുമേഖലാ സ്ഥാപനം

8 (3078) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏറ്റവുമധികം ടേൺ ഓവർ ഉള്ള പൊതുമേഖലാ സ്ഥാപനം ഏതാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനത്തിൽ എത്ര തൊഴിലാളികളാണ് ജോലി ചെയ്തുവരുന്നത് എന്നും വിശദീകരിക്കുമോ;

(സി) പ്രസ്തുത സ്ഥാപനം ലാഭത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് വിശദീകരിക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിലെ 1998-99 വരെ അറ്റാദായം എത്രയാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1998-99 'എ റിവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഇൻ കേരള' പ്രകാരം കേരളത്തിൽ ഏറ്റവും കൂടുതൽ ടേൺ ഓവർ ഉള്ള പൊതുമേഖലാ സ്ഥാപനം 'കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്' ആണ്.

(ബി) ഈ സ്ഥാപനത്തിൽ 24216 ജീവനക്കാരാണ് ജോലി ചെയ്യുന്നത്.

(സി) അതെ.

(ഡി) ഒരു സ്ഥാപനത്തിന്റെ അറ്റാദായം കണക്കാക്കുന്നത് അതാത് വർഷത്തിലേക്കാണ്. 1998-99-ലെ ഈ സ്ഥാപനത്തിന്റെ അറ്റാദായം 38.75 കോടി രൂപയാണ്. ഈ സ്ഥാപനത്തിന്റെ 1998-99 വരെ ഉള്ള കരുതൽ സമ്പാദ്യം (റീട്ടെയിൽസ് ഏണിംഗ്സ്) 382.28 കോടി രൂപയാണ്.

ഏറ്റവും അധികം ലാഭമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനം

9 (3079) ശ്രീ എ കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏറ്റവും അധികം ലാഭമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനം ഏതാണെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ പത്ത് സാമ്പത്തികവർഷങ്ങളിലെ പ്രസ്തുത സ്ഥാപനത്തിന്റെ ലാഭനഷ്ട കണക്കുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ ആകെ എത്ര തൊഴിലാളികളാണ് ഉള്ളത് എന്ന് വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly